©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**

**PUBLISHED BY AUTHORITY**

വാല്യം 9 Vol. IX | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2020 നവംബർ 10 10th November 2020 | 1196 തുലാം 25 25th Thulam 1196 | 1942 കാർത്തികം 19 19th Karthika 1942 | നമ്പർ No. 44

## PART III

# Industries Department

**പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം**

(ഹാജർ : രാജ്മോഹൻ, ജി.)

നമ്പർ DICPKD/682/2020-V2. 2020 ഒക്ടോബർ 6.

വിഷയം:—കൈത്തറി—കണ്ണമ്പ്ര കൈത്തറി നെയ്ത്ത് സംഘം ക്ലിപ്തം നമ്പർ എഫ്-1157, കണ്ണമ്പ്ര, പാലക്കാട്—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) 16-9-2020-ലെ സംഘം ലിക്വിഡേറ്ററുടെ SCI/HL/PKD/Liq./2020 നമ്പർ കത്ത്

(2) 12-2-1993-ലെ ഈ ഓഫീസിലെ V1/12129/1992 നമ്പർ ഉത്തരവ്.

(3) 20-4-1994-ലെ ഈ ഓഫീസിലെ V1/12129/1992 നമ്പർ ഉത്തരവ്.

(4) സംഘം ലിക്വിഡേറ്ററുടെ 16-9-2020-ലെ SCI/HL/PKD/Liq./2020 നമ്പർ ഉത്തരവ്.

(5) കേരള സഹകരണ നിയമം 1969 വകുപ്പ് 74.

കണ്ണമ്പ്ര കൈത്തറി നെയ്ത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ്-1157, കണ്ണമ്പ്ര, പാലക്കാട് എന്ന സംഘം 2-12-1944-ാം തീയതിയിൽ രജിസ്റ്റർ ചെയ്ത് 29-12-1944-ാം തീയതിയിൽ പ്രവർത്തനം ആരംഭിച്ചു. 1990 മുതൽ സംഘം പ്രവർത്തനരഹിതമായതിനാൽ സൂചന (2) പ്രകാരം 65 എൻക്വയറി നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് സൂചന (3) പ്രകാരം ഉത്തരവായിരുന്നു.

സംഘത്തിന്റെ സമാപ്തീരണ നടപടികൾ പൂർത്തീകരിക്കുന്നതിനായി 8-9-1994-ാം തീയതിയിൽ ലിക്വിഡേറ്റർ ചാർജ്ജെടുക്കുകയും സംഘത്തിലെ അവസാന ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ലഭ്യമായ ക്ലെയിമുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സംഘത്തിന് ലഭിക്കുവാനുള്ളത് സംഘത്തിന് മുതൽകൂട്ടുകയും സംഘത്തിൽനിന്നും കൊടുത്തു തീർക്കുവാനുള്ളതിൽ ഫണ്ടിന്റെ അപര്യാപ്തതയാൽ കേരള സംസ്ഥാന സഹകരണ ബാങ്ക്, വടക്കഞ്ചേരി ശാഖയിലുള്ള ക്യാഷ് ക്രെഡിറ്റ് എന്നിവ ഒഴികെ ബാക്കി എല്ലാം കൊടുത്തു തീർക്കുകയും ബാങ്കിന്റെ വായ്പകൾ എഴുതി തള്ളുന്നതിനായി ബാങ്കിന്റെ റീജിയണൽ

ഓഫീസിലേയ്ക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. സംഘത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ അംഗങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി ഒരു പൊതുയോഗം വിളിച്ചു ചേർത്തെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ സംഘം സമാപ്തീകരിച്ച് സൂചന (4) പ്രകാരം ഉത്തരവാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കിക്കൊണ്ട് ഉത്തരവാകേണ്ടതുണ്ട്.

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ കണ്ണമ്പ്ര കൈത്തറി നെയ്ത്ത് സംഘം ക്ലിപ്തം നമ്പർ എഫ്-1157, കണ്ണമ്പ്ര പാലക്കാട് എന്ന കൈത്തറി സഹകരണ സംഘം തുടർന്ന് കൊണ്ടുപോകുവാൻ സംഘത്തിലെ അംഗങ്ങൾക്ക് താൽപര്യമില്ലാത്തതിനാലും സംഘത്തിനെതിരെ പരാതിയോ അവകാശവാദമോ നാളിതുവരെ ആരും ഉന്നയിക്കാത്തതിനാലും സമാപ്തീകരിച്ചിട്ടുണ്ട്. ടി സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം 1969 വകുപ്പ് 74 പ്രകാരം റദ്ദാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ സംഘത്തിന്റെ റെക്കോർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ആയതിനുശേഷം നശിപ്പിക്കാവുന്നതുമാണ്.

ജില്ലാ വ്യവസായകേന്ദ്രം,
ജനറൽ മാനേജരുടെ കാര്യാലയം, (ഒപ്പ്)
പാലക്കാട്. ജനറൽ മാനേജർ

---